**സബ്മിഷൻ**

ദേവപ്പാറ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം

ശ്രീമതി ശാന്തകുമാരി കെ.: സർ, വർഷങ്ങളായി കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള ദേവപ്പാറ കരിങ്കൽ ക്വാറി നടത്തിവരുന്ന മണ്ണാർക്കാട് താലൂക്ക് കരിങ്കൽ ക്വാറി ഓപ്പറേറ്റേഴ്സ് വ്യവസായ സഹകരണ സംഘമാണ്. 2015-ൽ കേന്ദ്ര പരിസ്ഥിതി ക്ലിയറൻസ് നിർബന്ധമാക്കിയതിനാൽ ടി ക്വാറിയുടെ പ്രവർത്തനം തത്കാലം നിർത്തിവച്ചിരുന്നു. കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ 150-ലധികം കുടുംബങ്ങൾ ഈ ക്വാറിയിലെ ജോലി ആശ്രയിച്ചാണ് ജീവിക്കുന്നത്. 2017-ൽ വീണ്ടും സൊസൈറ്റി ഇറിഗേഷൻ വകുപ്പിന് അപേക്ഷ നൽകുകയും മൂന്ന് വർഷത്തേയ്ക്ക് എൻ.ഒ.സി. നീട്ടിനൽകുകയും ഓരോ വർഷവും പത്ത് ശതമാനം അധിക നിരക്ക് ഈടാക്കി നൽകുകയും ചെയ്തു. 04-08-2018-ലെ കോഴിക്കോട് ചീഫ് എഞ്ചിനീയറുടെ പ്രത്യേക എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആറ് വർഷത്തിനുശേഷം സൊസൈറ്റിക്ക് ലഭിച്ചു. (.....ബഹളം...) സ്ഥലത്തിന്റെ സർവെ നമ്പർ പ്രകാരം

04-04-2024-ൽ അഞ്ച് വർഷത്തെ കേന്ദ്രാനുമതി ലഭ്യമായ ഈയൊരു അവസ്ഥയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എൻ.ഒ.സി. ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ക്വാറി നടത്തുന്നതിനുവേണ്ടി ഇറിഗേഷൻ വകുപ്പിന് അപേക്ഷ നൽകുകയും മൈനിംഗ് & ജിയോളജി പഞ്ചായത്ത്, വൈൽഡ് ലൈഫ്, പൊല്യൂഷൻ കൺട്രോൾ തുടങ്ങിയ എല്ലാ വകുപ്പുകളിൽനിന്നും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രദേശവാസികളായ നൂറുകണക്കിനാളുകളുടെ ഉപജീവനമാർഗമായ ഈ ക്വാറി അടിയന്തരമായി തുറന്ന് പ്രവൃത്തി ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(സർവ്വശ്രീ സി. എച്ച്. കുഞ്ഞമ്പു, ഇ. ടി. ടൈസൺ മാസ്റ്റർ, കെ. എൻ. ഉണ്ണികൃഷ്ണൻ, പി. പി. സുമോദ്, ജോബ് മൈക്കിൾ, പി. മമ്മിക്കുട്ടി

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

എന്നീ അംഗങ്ങളുടെ സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവച്ചു.[+])

(നോട്ടീസ് നൽകിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കുറുക്കോളി മൊയ്തീൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലില്ലായിരുന്നു.)

+ അനുബന്ധമായി ചേർത്തിരിക്കുന്നു.